തൃശൂർ ജില്ലയിലെ ടെക്സ്റ്റയിൽ മില്ലുകളിലെ തൊഴിലാളികൾ

70 [524] ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ടെക്സ്റ്റയിൽ മില്ലുകളിൽ ഇപ്പോൾ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്;

(ബി) ഇതിൽ സ്ഥിരം തൊഴിലാളികളും സ്റ്റാഫും എത്രയാണ്;

(സി) 1996–2001 കാലയളവിൽ ഇവിടുത്തെ ജീവനക്കാരുടെ എണ്ണം കുറഞ്ഞിട്ടുണ്ടോയെന്നും എങ്കിൽ എത്രയാണെന്നും വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ വന്നതിനുശേഷം തൊഴിലാളികളിൽ എത്ര കുറവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

തൊഴിലില്ലായ്മ വേതന കുടിശ്ശിക

71 [525] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പേർക്കാണു തൊഴിലില്ലായ്മ വേതനം നൽകി വരുന്നത്; ജില്ല തിരിച്ചുള്ള കണക്കു വിശദമാക്കുമോ;

(ബി) 2001 മേയ് മുതൽ നാളിതുവരെ തൊഴിലില്ലായ്മ വേതന കുടിശ്ശിക എത്രയാണ്;

(സി) കുടിശ്ശിക തുക ഈ ആഗസ്റ്റ് മാസം തന്നെ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 3,87,370 പേർക്ക് തൊഴിലില്ലായ്മ വേതനം നൽകി വരുന്നു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

(1)	തിരുവനന്തപുരം	..	71648
(2)	കൊല്ലം	..	61289
(3)	ആലപ്പുഴ	..	55258
(4)	പത്തനംതിട്ട	..	12976
(5)	കോട്ടയം	..	28209

LIBRARY ARCHIVES Kerala Legislative Assembly

(6)	ഇടുക്കി	..	3321
(7)	എറണാകുളം	..	24323
(8)	തൃശ്ശൂർ	..	30104
(9)	പാലക്കാട്	..	11818
(10)	മലപ്പുറം	..	21472
(11)	കോഴിക്കോട്	..	39899
(12)	വയനാട്	..	3996
(13)	കണ്ണൂർ	..	15623
(14)	കാസറഗോഡ്	..	7454
	ആകെ	..	387370

(ബി) 2001 സെപ്റ്റംബർ വരെയുള്ള തൊഴിൽ രഹിതവേതനം വിതരണം ചെയ്തിട്ടുണ്ട്. 2001 ഒക്ടോബർ മുതൽ 2004 മേയ് മാസം വരെയുള്ള തൊഴിൽ രഹിതവേതന കുടിശ്ശിക 1,48,75,00,800 രൂപയാണ്.

(സി) 2001 ഒക്ടോബർ മുതൽ 3 മാസത്തെ തൊഴിൽരഹിത വേതന കുടിശ്ശിക നല്കാൻ നടപടി സ്വീകരിച്ചുവരുന്നു. കുടിശ്ശിക തുക ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നൽകുന്നതാണ്.

ലാസ്റ്റ് ഗ്രേഡ് നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാക്കൽ

72 [526] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാരിലെ ലാസ്റ്റ് ഗ്രേഡ് നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാന സർക്കാരിലെ ലാസ്റ്റ്ഗ്രേഡ് നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയാക്കുന്ന കാര്യം പരിഗണനയിലില്ല.

അപ്രന്റീസ് ആക്ട് അനുസരിച്ച് സ്റ്റൈഫന്റ് വർദ്ധന

73 [527] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്രന്റീസ് ആക്ട് അനുസരിച്ച് പരിശീലനം നേടുന്നവർക്ക് ഇപ്പോൾ നൽകുന്ന സ്റ്റൈഫന്റ് എത്ര വീതമാണെന്നും, ഏതൊക്കെ കാറ്റഗറിയിലാണെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly